"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — മാലൂർ ഗ്രാമപഞ്ചായത്ത് - 1989-90, 1990-91, 1991-92 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - വിവിധ ഖണ്ഡികകൾ - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ ( എ ബി ) വകുപ്പ്**

G.O.(Rt)No.2308/2025/LSGD തീയതി,തിരുവനന്തപുരം, 23-09-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 21.07.2020 ലെ പി എൻ/9041/2020- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 18.01.2023 ലെ ഡി.കെ.എസ്.എ 1979/പി.റ്റി3(പിറ്റി2)/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമ പഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് **1989-90, 1990-91** ഖണ്ഡിക **23(4)** പ്രകാരം **10,000/** രൂപ, ഖണ്ഡിക **23(7)** പ്രകാരം **2000/** രൂപ, ഖണ്ഡിക **23(8)** പ്രകാരം **10,000/** രൂപ, ഖണ്ഡിക **25(1)** പ്രകാരം **302/**രൂപ, ഖണ്ഡിക **25(2)** പ്രകാരം **299/** രൂപ, **1991-92** വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **6** പ്രകാരം **31.25/**രൂപ, ഖണ്ഡിക **22** പ്രകാരം **113.40/** രൂപ, ഖണ്ഡിക **18** പ്രകാരം **125/** രൂപ, ഖണ്ഡിക **21** എ പ്രകാരം **975/** രൂപ, ഖണ്ഡിക **22** പ്രകാരം **340/** രൂപ, ഖണ്ഡിക **23** പ്രകാരം **6,600/** രൂപ, ഖണ്ഡിക **24** പ്രകാരം **10,000/** രൂപ, ഖണ്ഡിക **26** പ്രകാരം **6,000/** രൂപയും ചേർത്ത് ആകെ **46785.85** രൂപ സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു. ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തുക നഷ്ടോത്തരവാദിയായ മാലൂർ ഗ്രാമപഞ്ചായത്തിന്റെ എക്സി.ഓഫീസർ ആയിരുന്ന ശ്രീ.കെ.വിശ്വനാഥന് വ്യക്തിപരമായി സർചാർജ്ജ് ചെയ്യപ്പെട്ടവയാണ്.

**2.** ഇതു സംബന്ധിച്ച് പരാമർശം **(1)** പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ **22/10/2019** തീയതിയിൽ മാലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം മേൽ കാലയളവിലെ ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്തിരുന്നുവെന്നും മാലൂർ ഗ്രാമപഞ്ചായത്തിന്റെ എക്സി.ഓഫീസർ ആയിരുന്ന ശ്രീ.കെ.വിശ്വനാഥൻ ജോലി ചെയ്തിരുന്ന **1989-90, 1990-91, 1991-92** കാലയളവിലെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് വിവിധ ഖണ്ഡികകൾ പ്രകാരം ടിയാൻ ഗ്രാമപഞ്ചായത്തിന് **46,785.65/-** രൂപ നഷ്ടം

വരുത്തിയിട്ടുണ്ടെന്നും ടിയാന് അനുവദിച്ച ഡി.സി.ആർ.ജി തുകയായ 22,040/- രൂപ മാലൂർ ഗ്രാമപഞ്ചായത്തിൽ ക്രെഡിറ്റ് ചെയ്തത് കഴിച്ചുള്ള ബാക്കി തുകയായ 24,745.65/- രൂപ ഒടുക്കണമെന്നും കാണിച്ച് നിരവധി കത്തുകൾ നൽകിയിട്ടുണ്ടെങ്കിലും യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. തുടർന്ന് 06-05-2019 തീയതി വീണ്ടും കത്ത് നൽകിയതിൽ നിന്നും ടിയാൻ മരണപ്പെട്ടതായി കാണിച്ച് കത്ത് തിരികെ ലഭിച്ചെന്നും വളരെ പഴക്കം ചെന്ന ഓഡിറ്റ് പരാമർശം ആയതിനാലും ടിയാൻ മരണപ്പെടതിനാലും ടി പരാമർശം ഒഴിവാക്കി നിലവിലെ ബാധ്യതയായ 24,745.65/- രൂപ സാധുകരിച്ച് നൽകുന്നതിന് സർക്കാരിനോട് അപേക്ഷിക്കാൻ മാലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. മാലൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനവും ഓഡിറ്റ് തടസ്സവും 27/12/2019 തീയതിയിലെ കണ്ണൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ചർച്ച ചെയ്തിരുന്നതുമാണെന്നും സർക്കാർ സാധുകരണത്തിനായി ശുപാർശ ചെയ്തിട്ടുണ്ടെന്നും അറിയിച്ചുകൊണ്ട് അനുകൂല ശുപാർശ സഹിതം സാധുകരണത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3. ഇതു സംബന്ധിച്ച് പരാമർശം (2) പ്രകാരം ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് . കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 1988-1990, 1990-91, 1991-92 വർഷങ്ങളിലെ വിവിധ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ പ്രകാരം ആകെ നഷ്ടമായ 46,785.65/- രൂപയിൽ 22,040/- രൂപ നഷ്ടോത്തരവാദിയായ ഗ്രാമപഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. കെ. വിശ്വനാഥന്റെ ഡി. സി. ആർ. ജി യിൽ നിന്നും ഈടാക്കിയിട്ടുള്ളതിനാലും പ്രസ്തുത പരാമർശങ്ങൾ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് സർചാർജ്ജ് നടപടികൾ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ നിലവിലെ ബാദ്ധ്യതയായ 24,745.65/- രൂപയുടെ നഷ്ടം സാധുകരിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 1988-1990, 1990-91, 1991-92 വർഷങ്ങളിലെ വിവിധ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ പ്രകാരം ആകെ നഷ്ടമായ 46,785.65/- രൂപയിൽ 22,040/- രൂപ നഷ്ടോത്തരവാദിയായ ഗ്രാമപഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. കെ. വിശ്വനാഥന്റെ ഡി. സി. ആർ. ജി യിൽ നിന്നും ഈടാക്കിയിട്ടുള്ളതിനാലും പ്രസ്തുത പരാമർശങ്ങൾ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് സർചാർജ്ജ് നടപടികൾ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ നിലവിലെ

ബാദ്ധ്യതയായ 24,745.65/- (ഇരുപത്തി നാലായിരത്തി എഴുനൂറ്റി നൽപത്തി അഞ്ച് രൂപ അറുപത്തി അഞ്ച് പൈസ മാത്രം ) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, മാലൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/91/2020-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 23-09-2025 14:42:55

സെക്ഷൻ ഓഫീസർ